# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **26.06.2014 ൽ മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 4375**

## ഓലത്താന്നി വിക്ടറി വി.എച്ച്.എസ്.എസ്.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിലെ ഓലത്താന്നി വിക്ടറി വി.എച്ച്. എസ്.എസ് - ൽ നിലവിലെ മാനേജർ ശ്രീമതി നിഷ.എം.ആർ. ന് ചാർജ് നൽകിയ നടപടിക്ക് നെയ്യാറ്റിൻകര ഡി.ഇ.ഒ. അംഗീ-കാരം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഓലത്താന്നി വി.വി.എച്ച്.എസ്. എസ്.- ലെ എച്ച്.എം. ആയിരുന്ന ശ്രീമതി ഗീത എസ്. നായർ 31.5.2014 - ൽ റിട്ടയർ ചെയ്യേണ്ട താണ്. എന്നാൽ ടിയാൾ 07.04.2014 മുതൽ എൽ.ഡബ്ല്യു.എ. ലീവിന് അപേക്ഷ നൽകിയിട്ടുള്ള സാഹ ചര്യത്തിൽ പ്രസ്തുത ഒഴിവിൽ എച്ച്.എം. ആയിട്ട് മാനേജർ നിയ മിച്ചിട്ടുള്ളത് ടി സ്കൂളിലെ ജൂനി യർ എച്ച്.എസ്.എ (മലയാളം) അദ്ധ്യാപികയായ ശ്രീമതി എം;ആർ. നിഷയെയാണ്. കെ.ഇ.ആർ. വ്യവസ്ഥ പ്രകാരം എച്ച്.എം; തസ്തികയിൽ ഒഴിവു വരുമ്പോൾ ടി സ്കൂളിലെ ഏറ്റ വും സീനിയർ ആയ അദ്ധ്യാപിക ആരാണോ അയാൾക്കേ റിട്ടയർ ചെയ്യുന്ന എച്ച്.എം. ചാർജ്ജ് കൈ മാറാൻ പാടുള്ളു. എന്നാൽ റിട്ട യർ ചെയ്ത എച്ച്.എം. ചാർജ്ജ് കൈമാറിയിട്ടുള്ളത്. ശ്രീമതി എം.ആർ. നിഷയ്ക്കാണ്. ഇതിനെ തിരെ ടി സ്കൂളിലെ അദ്ധ്യാപക രായ ശ്രീ.എൻ.ആർ.എസ്. വിജയകുമാർ, എച്ച്.എസ്.എ. (ഇംഗ്ലീഷ്), ശ്രീമതി അജിതകുമാരി, എച്ച്.എസ്.എ. (മാത്സ്) എന്നിവർ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവനന്തപുരം വിദ്യാ ഭ്യാസ ഉപ ഡയറക്ടർ പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നി വർക്ക് പരാതി നൽകിയിട്ടുള്ളതു മാണ്. ഇക്കാരണത്താലാണ് എം.ആർ; നിഷയ്ക്ക് റ്റീച്ചർ-ഇൻ ചാർജ്ജ് അംഗീകരിച്ചു നൽകാൻ കഴിയാത്തത്. |

| | | | |
|---|---|---|---|
| (ബി) | ഈ സ്കൂളിലെ ശ്രീമതി അനിതാ ജോസ് സീനിയർ മോസ്റ്റ് ചാർജ് വഹിക്കുന്നത് ഒഴിവാക്കാനായി റിലിംഗ്വഷ്മെന്റ് സ്റ്റേറ്റ്മെന്റ് മാനേജർക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | എം.ആർ; നിഷയുടെ നിയമന പ്രൊപ്പോസലിനോടൊപ്പം ഏറ്റവും സീനിയറായ ശ്രീമതി അനിതാ ജോസിന്റെ റിലിംഗ്വഷ്മെന്റ് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ലഭിച്ചിരുന്നു. എന്നാൽ മറ്റുള്ള സീനിയർ അദ്ധ്യപകരുടെ റിലിംഗ്വഷ്മെന്റ് ഇതോടൊപ്പം മാനേജർ നൽകിയിട്ടില്ലായിരുന്നു. മാത്രമല്ല ശ്രീമതി അനിതാ ജോസിന്റെ റിലിംഗ്വഷ്-മെന്റ് വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല. എം.ആർ. നിഷയുടെ നിയമന പ്രൊപ്പോസൽ ടി ആഫീസിൽ നിന്നും നിരസിച്ചപ്പോൾ നിയമന പ്രൊപ്പോസലിനോടൊപ്പം അനിതാ ജോസിന്റെ റിലിംഗ്വഷ്മെന്റ് മാനേജർക്ക് തിരികെ നൽകിയിരുന്നു. ആയതിനാൽ പകർപ്പ് ലഭ്യമല്ല. |
| (സി) | റിലിംഗ്വഷ്മെന്റ് നടത്തിയ ആൾക്ക് ചാർജ് നൽകാൻ ഡി.ഇ.ഒ. ക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഏതെങ്കിലും ഒരു അദ്ധ്യാപകൻ റിലിംഗ്വഷ്മെന്റ് നൽകിയാൽ ടി അദ്ധ്യാപകനെ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ വിളിച്ച് വരുത്തി നേരിട്ട് ചോദിച്ച് ബോദ്ധ്യപ്പെട്ടതിനുശേഷം മാത്രമേ റിലിംഗ്വഷ്മെന്റ് അംഗീകരിച്ചു നൽകാൻ ഡി.ഇ.ഒ. യ്ക്ക നിർവ്വാ-ഹമുള്ളു. എന്നാൽ ടി എച്ച്.എം. തസ്തികയ്ക്കെതിരെ ടി സ്കൂ-ളിലെ ശ്രീ. എൻ.ആർ;എസ്. വിജയകുമാർ, ശ്രീമതി അജിതകുമാരി എന്നീ അദ്ധ്യാപകർ അവകാശവാദം ഉന്നയിച്ചിരിക്കുന്നതിനാൽ എച്ച്.എം. തസ്തികയിലെ നിയമനാംഗീകാരം അന്തിമ തീരുമാനം ആകുന്നതുവരെ, ഏറ്റവും സീനിയറായ അദ്ധ്യാപികയ്ക്കേറ്റീച്ചർ-ഇൻ ചാർജ്ജ് നൽകാൻ നിർവ്വാഹമുള്ളു. ആയതിനാലാണ് മാനേജറോട് സീനിയോറിറ്റി പ്രകാരം സീനിയറായ ആൾക്ക് ചാർജ്ജ് നൽകുവാൻ നിർദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) | നിലവിൽ ടി സ്ഥാപനത്തിൽ 07.04.2014 - ൽ ടെസ്റ്റ് യോഗ്യത നേടിയ സീനിയർ അദ്ധ്യാപകരെ ഒഴിവാക്കിയാണോ ശ്രീമതി | (ഡി) | അതെ. ഒഴിവാക്കിയാണ് മാനേജർ നൽകിയിട്ടുള്ളത്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |

നിഷയ്ക്ക് മാനേജരായി നിയമനം നൽകിയത്; എങ്കിൽ അവരുടെ സീനിയോറിറ്റി സംബന്ധിച്ചും ഓരോരുത്തരും ടെസ്റ്റ് യോഗ്യത നേടിയ തീയതിയും വിശദീകരിക്കാമോ; ഇതിൽ ആരെങ്കിലും റിലിംഗ്വിഷ്മെന്റ് നൽകിയിട്ടുണ്ടോ;

(ഇ) ഈ വിഷയത്തിൽ ബഹു. വിദ്യാഭ്യാസ മന്ത്രി ഡി.ഇ.ഒ.ക്ക് നൽകിയ നിർദ്ദേശം പാലിച്ചിട്ടുണ്ടോ; ബഹു. മന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഡി.ഇ.ഒ. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഇ) ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ കത്തിൻ പ്രകാരം ഉടൻ തന്നെ ഫയൽ നടപടി സ്വീകരിച്ചിട്ടുള്ളതും ടി സ്കൂളിലെ എച്ച്.എം. നിയമനം സീനിയോറിറ്റി പ്രകാരം ശരിയായ രീതിയിലുള്ള നടപടി ക്രമം പാലിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. അതിനാൽ എച്ച്.എം. നിയമന പ്രൊപ്പോസൽ കാര്യകാരണ സഹിതം നിരസിച്ചിട്ടുണ്ട്.

(എഫ്) ശ്രീമതി അനിതാ ജോസിന്റെ റിലിംഗ്വിഷ്മെന്റ് പ്രൊപ്പോസൽ അംഗീകരിക്കേണ്ടത് ആരാണ്; പ്രസ്തുത പ്രൊപ്പോസൽ മാനേജർ നിയമന ഉത്തരവിനോടൊപ്പം നൽകിയിട്ടും ബഹു. മന്ത്രിയുടെ ഉത്തരവ് ഉണ്ടായിട്ടും നിസാര കാരണങ്ങൾ നിരത്തി അംഗീകാരം നീട്ടിക്കൊണ്ട് പോകുന്ന ഡി.ഇ;ഒ. യുടെ നടപടിയെക്കുറിച്ച് അന്വേഷിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ തയ്യാറാകുമോ;

(എഫ്) റിലിംഗ്വിഷ്മെന്റ് പ്രൊപ്പോസൽ അംഗീകരിക്കേണ്ടത് ജില്ലാ വിദ്യാഭ്യാസ ആഫീസർ തന്നെയാണ്. കേരള വിദ്യാഭ്യാസ ചട്ടത്തിലെ വ്യവസ്ഥകൾ പാലിക്കാതെ മാനേജർ നൽകിയ പ്രൊപ്പോസൽ നിരസിക്കുകയാണുണ്ടായത്. മനഃപൂർവ്വമായ യാതൊരു കാലതാമസവും നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്ന് ഉണ്ടായിട്ടില്ല.

(ജി) 07.04.2014 - ൽ ശ്രീമതി നിഷ എം.ആർ. - ന് ടീച്ചർ ഇൻ - ചാർജ്ജ് നൽകിയതിന്റെ അംഗീകാരത്തിനായി മാനേജർ നൽകിയ പ്രൊപ്പോസലിന് ഡി.ഇ.ഒ. എന്നാണ് മാനേജർക്ക് മറുപടി നൽകിയത്; മറുപടി നൽകുന്നതിന് കാലതാമസം വന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ജി) മാനേജരുടെ ടി നടപടിക്കെതിരെ ടി സ്കൂളിലെ ശ്രീ. എൻ.ആർ.എസ്. വിജയകുമാർ, ശ്രീമതി അജിതകുമാരി എന്നീ അദ്ധ്യാപകർ മുൻകൂർ പരാതി നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നൽകിയിട്ടുള്ളതിനാൽ സീനിയറായ അദ്ധ്യാപികയ്ക്ക് ചാർജ്ജ് നൽകാൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ഈ സ്കൂളിൽ 1988 മുതൽ ജോലി നോക്കി വരുന്ന സീനിയർ അദ്ധ്യാപകർ നിലനിൽക്കേ 2000 - ൽ സർവ്വീസിൽ

പ്രവേശിച്ച് ജോലിനോക്കി വരുന്ന ശ്രീമതി എം.ആർ. നിഷയ്ക്ക് എച്ച്.എം. ആയിട്ടുള്ള നിയമനാം-ഗീകാരമോ, ടീച്ചർ ഇൻ ചാർജ്ജോ എച്ച്.എം. തസ്തികയ്ക്ക് എതിരെ പരാതികൾ നിലനിൽക്കുന്നതിനാൽ നൽകാൻ നിർവ്വാഹമില്ല. ടി സ്കൂളിലെ മാനേജർ വർഷങ്ങളായി നടത്തുന്ന നിയമനങ്ങൾ ടി സ്കൂളിലെ സീനിയോറിറ്റി ലിസ്റ്റിലെ പ്രയോറിറ്റി അനു-സരിച്ച് പരിഗണിക്കാത്തതിനാൽ ടി സ്കൂളിലെ പല അദ്ധ്യാപകരുടെയും പരാതികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലും സർക്കാർ ഡി.പി.ഐ., ഡി.ഡി.ഇ. എന്നിവിടങ്ങളിലും നിലവിലുള്ളതുമാണ്. ഇവയിൽ ചില നിയമനങ്ങൾ മുൻ വർഷങ്ങളിൽ നിയമ വിരുദ്ധമായി അംഗീകരിച്ചു നൽകിയതിനാൽ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും റിട്ടയർ ചെയ്ത പല ഡി..ഇ;ഒ. മാർക്കും വൻ തുകകൾ ബാദ്ധ്യത നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകൾ ഉന്നതാധികാരികളിൽ നിന്നും അടുത്ത കാലത്ത് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ലഭിച്ചിട്ടുമുണ്ട്. ടി സ്കൂളിലെ എം.ആർ. നിഷയുടെ സീനിയറായിട്ടുള്ള എല്ലാ അദ്ധ്യാപകരും പൂർണ്ണ സമ്മതത്തോടെ റിലിംഗ്വഷ്മെന്റ് നൽകി, ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചാൽ മാത്രമേ എം.ആർ. നിഷയ്ക്ക് നിയമനാംഗീകാരമോ അല്ലെങ്കിൽ ടീച്ചർ ഇൻ ചാർജ്ജോ നൽകാൻ നിർവ്വാഹമുള്ളു. മാനേജർ പ്രമോഷനു നൽകിയ പ്രൊപ്പോസൽ നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ 25.4.2014 ന് ലഭിക്കുകയും 05.06.2014 ന് നിരസിച്ച് നൽകുകയുമുണ്ടായിട്ടുണ്ട്. സീനിയർ അദ്ധ്യാപികയ്ക്ക് ചാർജ്ജ് നൽകേണ്ടതിന് 30.05.2014 ന് കത്ത് നൽകിയിട്ടുണ്ട്. അതിൻ പ്രകാരം ടി സ്കൂളിലെ

മാനേജർ 23.06.2014 മുതൽ ശ്രീമതി അനിതാ ജോസിന് റ്റീച്ചർ ഇൻ ചാർജ്ജ് നൽകിക്കൊണ്ടുള്ള ഉത്തരവ് നെയ്യാറ്റിൻകര ജില്ലാ വിദ്യാഭ്യാസ ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(എച്ച്) നിലവിൽ ഹെഡ്മിസ്ട്രസ് നിയമനം ഡി.ഇ.ഒ. അംഗീകരിച്ച് നൽകുവാൻ സ്കൂൾ മാനേജർ ഇനി എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടതെന്ന് വിശദീകരിക്കാമോ?

(എച്ച്)

1) 1.6.2014 തീയതിയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ്
2) സീനിയറായ എല്ലാ അദ്ധ്യാപകരുടെയും റിലിംഗ്വഷ്മെന്റ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചതിന്റെ കോപ്പി
3) നിയമന അംഗീകാര പ്രൊപ്പോസലിനോടൊപ്പം താഴെപറയുന്ന റിക്കാർഡുകൾ സമർപ്പിക്കേണ്ടതുണ്ട്.
    1) അംഗീകരിച്ച സീനിയോറിറ്റി ലിസ്റ്റ്
    2) ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച എല്ലാ മുതിർന്നവരുടെയും പിൻവാങ്ങൽ
    3) മുൻ പ്രധാനാദ്ധ്യാപികയായ ശ്രീമതി ഗീതാ എസ്. നായരുടെ അവധിയെ സംബന്ധിച്ച് അനുമതി നൽകിയ പകർപ്പ്
    4) ഉദ്യോഗ പ്രവേശന വിവരം, ശാരീരിക സ്വാസ്ഥ്യ പത്രം, സ്വഭാവ സാക്ഷ്യ പത്രം അസൽ യോഗ്യതാ സാക്ഷ്യ പത്രം
    5) പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള പരിചയ സമ്പന്നർ ഉന്നയിച്ചിട്ടുള്ള അന്യായങ്ങളെപ്പറ്റിയുള്ള അന്തിമ ഉത്തരവ്

സെക്ഷൻ ഓഫീസർ

les 4375
26/6/14

<u>അനുബന്ധം</u>

| പേര് | ജോലിയിൽ പ്രവേശിച്ചത് | ടെസ്റ്റ് യോഗ്യത നേടിയത് |
|---|---|---|
| 1. എൻ.ആർ.എസ്. വിജയകുമാർ, എച്ച്.എസ്.എ. (ഇംഗ്ലീഷ്) | 23.07.1999 | ജനുവരി 2014 - ൽ |
| 2. അജിതകുമാരി എച്ച്.എസ്.എ. (മാത്സ്) | 01.06.1998 യു.പി.എസ്.എ.<br>15.06.2000 - എച്ച്.എസ്.എ. | മേയ് 2000 - ൽ |

ഒരണ്ട് അദ്ധ്യാപകരും റിലിംഗ്വഷ്മെന്റ് നൽകിയിട്ടില്ല.

Chitra
S.O